പതിനാലാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 637 25.5.2017 ലെ മറുപടിക്ക്

# കയർ ഉദ്യമി യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ. കെ.സി.ജോസഫ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ മേഖലയുടെ വികസനത്തിനായി കേന്ദ്ര ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ 'കയർ ഉദ്യമി യോജന' സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിവരിക്കുമോ; | എ) കയർ ഉദ്യമീ യോജന സംസ്ഥാനത്ത് നടപ്പിലാക്കാൻ കയർബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. റിമോട്ട് സ്കീം എന്നപേരിൽ XI & XII -ാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് കയർ ഉദ്യമി യോജന എന്ന പേരിൽ നടപ്പിൽ വരുത്തുന്നത്. |
| ബി)സംസ്ഥാനത്ത് എവിടെയെല്ലാം എത്ര യൂണിറ്റുകളാണ് ഇപ്രകാരം ആരംഭിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | ബി)സംസ്ഥാനത്ത് കയർ ഉദ്യമി യോജന പദ്ധതി പ്രകാരം 110 യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് തുടർ നടപടി കയർബോർഡിൽ നിന്നും ഉണ്ടാകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| സി) ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്; ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വിവരിക്കുമോ? | സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര മൈക്രോ സ്മാൾ & മീഡിയം എൻറർപ്രൈസസ് മന്ത്രാലയം 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ വാർഷിക പദ്ധതിക്കായി കേരളത്തിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കയർ വകുപ്പിലെ കയർ പ്രോജക്ട് ഓഫീസർമാരുടെ സാന്നിദ്ധ്യത്തിലാണ്. |

| | |
|---|---|
| | ആയതിനുള്ള നടപടികൾ കയർ ബോർഡ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ